21372
24/11/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം)കേരള ലിമിറ്റഡ് (ഔഷധി)-ന്റെ അംഗീകൃത മൂലധനം 4 0 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തുന്നതിനുള്ള- അംഗീകാരം നൽകി -ഉത്തരവു പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

സ.ഉ.(കൈ) നം.48/2019/AYUSH തീയതി,തിരുവനന്തപുരം, 24/11/2019

പരാമർശം:- 1 13.12.2017-ലെ ഔഷധി മാനേജിംഗ് ഡയറക്ടറുടെ എ2-214/93 നം.കത്ത്

2 11.10.2019-ലെ പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ യോഗതീരുമാനം.

ഉത്തരവ്

1 . ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടി രൂപയും അടച്ചു തീർത്ത മൂലധന നിക്ഷേപം 37,66,59,720/- രൂപയുമാണെന്നും ഔഷധിക്ക് 2016-17 വർഷത്തിൽ ലഭിച്ച ഓഹരി മൂലധനനിക്ഷേപമായ 3 കോടി രൂപയും 2017-18 വർഷത്തെ ബജറ്റ് വിഹിതമായ 3 കോടി രൂപയും കൂടി ലഭിക്കുമ്പോൾ അടച്ചു തീർത്ത മൂലധന നിക്ഷേപം 43,66,59,720/- രൂപയാകുമെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2 . കമ്പനി നിയമം 2013 പ്രകാരം അടച്ചുതീർത്ത മൂലധന നിക്ഷേപം (paid up share capital) അംഗീകൃത മൂലധനത്തേക്കാൾ (Authorized share capital) കൂടുവാൻ പാടില്ല എന്നതിനാൽ 28.10.2017-ൽ കൂടിയ ഭരണസമിതിയോഗം ഔഷധിയുടെ അംഗീകൃത മൂലധനം 4 0 കോടി രൂപയിൽ നിന്നും 5 0 കോടി രൂപയാക്കി വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഔഷധിയുടെ അംഗീകൃത മൂലധനം 5 0 കോടിയാക്കി ഉയർത്തി ഉത്തരവാകണമെന്ന് പരാമർശം 1 പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഔഷധിയുടെ അംഗീകൃത മൂലധനം

40 കോടിയിൽ നിന്നും 50 (അമ്പത്) കോടിയാക്കി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. മൂലധനം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് filing fee ഇനത്തിലെ ചെലവ് കമ്പനി തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ്.

2. മുഴുവൻ തുകയ്ക്കുമുള്ള ഷെയർ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്.

3. MOA/AOA യിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷർമിള മേരി ജോസഫ്**
**സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ഔഷധി,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(03.10.2018-ലെ പി.യു.ബി 2/21/2018/ധന പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്(24.10.19-ലെ PLGEA-BPE2/139/2019-PLGEA പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (ഉത്തരവ് നം. 3544 പ്രകാരം)
ഡയറക്ടർ വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SANGEETHA T S
Date: 2019.11.26 10:43:13 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-11-2019

ഫയൽ നം. എ2/65/2018/ആയുഷ്.     ഇനം നം: 3544

വിഷയം : ആയുഷ് വകുപ്പ് - ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/65/2018/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.11.2019 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.ഷർമ്മിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.11.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.11.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.11.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.11.2019 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി)-ന്റെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടി രൂപയും അടച്ചു തീർത്ത മൂലധന നിക്ഷേപം 37,66,59,720/- രൂപയുമാണ്. ഔഷധിക്ക് 2016-17 വർഷത്തിൽ ലഭിച്ച ഓഹരി മൂലധനനിക്ഷേപമായ 3 കോടി രൂപയും 2017-18 വർഷത്തെ ബജറ്റ് വിഹിതമായ 3 കോടി രൂപയും കൂടി ലഭിക്കുമ്പോൾ അടച്ചു തീർത്ത മൂലധന നിക്ഷേപം 43,66,59,720/- രൂപയാകുമെന്ന് എം.ഡി. റിപ്പോർട്ട് ചെയ്തിരുന്നു.

3) കമ്പനി നിയമം 2013 പ്രകാരം അടച്ചുതീർത്ത മൂലധന നിക്ഷേപം (paid up share capital) അംഗീകൃത മൂലധനത്തേക്കാൾ (Authorized share capital) കൂടുവാൻ പാടില്ല. ആയതിനാൽ 28.10.2017-ൽ കൂടിയ ഭരണസമിതിയോഗം ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടി രൂപയിൽ നിന്നും 50 കോടി രൂപയാക്കി വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും അംഗീകൃത മൂലധനം 50 കോടിയാക്കി ഉയർത്തി ഉത്തരവാകണമെന്ന് ഔഷധി എം.ഡി. അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

4) ഇത് സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായത്തിന് സമർപ്പിച്ചപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"PEB യുടെയും മന്ത്രിസഭയുടേയും അനുമതിയ്ക്ക് വിധേയമായി ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്ന് 50 കോടിയായി ഉയർത്തുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നതോടൊപ്പം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കൂടി പാലിക്കണമെന്ന് നിർദേശിക്കുന്നു .

1. മൂലധനം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് filing fee ഇനത്തിലെ ചെലവ് കമ്പനി തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ് .

2. മുഴവൻ തുകയ്ക്കുമുള്ള ഷെയർ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് നൽകേണ്ടതാണ് .

3. MOA/AOA യിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ് .

ഇതിന് ബഹു : ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) PEB-യുടെ അംഗീകാരത്തിനായി ഫയൽ പ്ളാനിംഗ് വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"Administrative Department is informed that the PEB meeting held on 31/12/2018 was decided not to consider any proposals from Companies whose audit is in arrear. Hence AD is requested to furnish the status of audit of FY 2017-18 of the Company."

6) 2017-18 വർഷത്തെ അക്കൗണ്ട് കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിച്ചതായും 28.3.2019-ന് M/s.Mohandas & Associates, Chartered Accountants അക്കൗണ്ട്സ് ഒപ്പിട്ടതായും ഔഷധി എം.ഡി.റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ പ്ലാനിംഗ് (ബിപിഇ) വകുപ്പിന് പുനഃസമർപ്പിച്ചപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"File is returned to Administrative Department along with the minutes (see attachment) of the Public Enterprises Board meeting held on 11/10/2019 for necessary action."

7) PEB മീറ്റിംഗ് മിനിറ്റ്സിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

**3. The Pharmaceutical Corporation (IM) Kerala Limited (Oushadhi)- Proposal for increasing the authorized share capital from Rs.40 Cr. to Rs.50 Cr.**

The proposal is for increasing the authorised share capital of the Company from Rs.40 Cr. to Rs,50 Cr. and to carry out consequent changes in the Memorandum of Association and Articles of Association of the Company. MD informed tha the audit of the Company is complete up to the finance year 2017-18 and au dit for the financial year 2018-19 is nearing completion.

After deliberation, the PEB approved the proposal to increase the authorised share capit al of the Company from Rs.40 Cr. to Rs.50 Cr. subject to the conditions stipulated by the Finance Department.

8) ധനകാര്യ വകുപ്പിന്റെയും പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഔഷധിയുടെ അംഗീകൃത മൂലധനം 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഔഷധിയുടെ അംഗീകൃത മൂലധനം ധനകാര്യ വകുപ്പും പ്ലാനിംഗ് വകുപ്പും നിർദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 40 കോടിയിൽ നിന്നും 50 കോടിയാക്കി ഉയർത്തി ഉത്തരവാകാവുന്നതാണോ?